OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

Vol. 2 Book 5 Regd. No. ER/450/2001 Date:31.05.2020

# മേയ് ദിനം

ഇന്ത്യയിൽ ഈ വർഷം തൊഴിൽ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ പ്രതീക്ഷിച്ചിരുന്നു. പെട്ടെന്നാണ് കൊവിഡ് എത്തിയത്. ആഗോള സമ്പദ് വ്യവസ്ഥ തന്നെ തകർന്നു. ലക്ഷങ്ങൾക്കാണ് തൊഴിൽ നഷ്ടപ്പെടുന്നത്. ഏറെ കഷ്ടപ്പെടുന്നത് ദിവസ വേതനക്കാരായ സാധാരണ തൊഴിലാളികളാണ്. ഈ സഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടിയെത്തുന്നത്.

മെയ് മാസം ഒന്നിനാണ് മെയ് ദിനം ആഘോഷിക്കുന്നത്. ലോക തൊഴിലാളി ദിനം എന്നും ഈ ദിവസം അറിയപ്പെടുന്നു. ലോകമെങ്ങുമുള്ള തൊഴിലാളികളുടെ ദിനമായിട്ടാണ് മേയ് ദിനം അഥവാ തൊഴിലാളി ദിനം ആഘോഷിക്കുന്നത്. അന്താരാഷ്ട്ര തൊഴിലാളി ദിനം എന്നാണ് ഇത് ലോകമെമ്പാടും അറിയപ്പെടുന്നത്. എട്ടു മണിക്കൂർ തൊഴിൽ സമയം അംഗീകരിച്ചതിനെതുടർന്ന് അതിന്റെ സ്മരണക്കായി മെയ് ഒന്ന് ആഘോഷിക്കണം എന്ന ആശയം ഉണ്ടായത് 1856 ൽ ഓസ്ട്രേലിയായിൽ ആണ്. ലോകമെമ്പാടുമുള്ള സാമൂഹിക സാമ്പത്തിക നേട്ടങ്ങളെ സ്മരിക്കുന്ന ഒരു ദിനമാണ് ഇത്. എൺപതോളം രാജ്യങ്ങളിൽ മെയ് ദിനം പൊതു അവധിയായി ആചരിക്കുന്നു.

## ചരിത്രം

1886 ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ഹേയ് മാർക്കറ്റ് കൂട്ടക്കൊലയുടെ സ്മരണാർത്ഥമാണ് മേയ് ദിനം ആചരിക്കുന്നതെന്നും കരുതപ്പെടുന്നു. സമാധാനപരമായി യോഗം ചേരുകയായിരുന്ന തൊഴിലാളികളുടെ നേർക്ക് പോലീസ് നടത്തിയ വെടി വെയ്പായിരുന്നു ഹേമാർക്കറ്റ് കൂട്ടക്കൊല യോഗ സ്ഥലത്തേക്ക് ഒരജ്ഞാതൻ ബോംബെറിയുകയും, ഇതിനു ശേഷം പോലീസ് തുടർച്ചയായി വെടിയുതിർക്കുകയും ആയിരുന്നു.



റോമിലെ ഒരു മെയ് ദിന ആഘോഷത്തിൽ നിന്ന്

## സർവ്വരാജ്യ തൊഴിലാളി ദിനം




ഇന്ത്യയിലെ മുംബൈയിൽ നടന്ന ഒരു മെയ് ദിന റാലി

കൊവിഡിന് ശേഷം തൊഴിൽ രംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ചില വിചാരങ്ങൾ താഴെകൊടുക്കുന്നു.

1. എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കുമ്പോഴേ സ്ഥാപനം നന്നായിപ്പോകൂ എന്ന കാഴ്ചപ്പാടിലേയ്ക്ക് സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. മുതലാളി എന്ന സങ്കൽപത്തിൽ മാറ്റം വന്നു. സി.ഇ.ഒ. മാരാണ് ഈ സ്ഥാനത്തിപ്പോൾ നായകർ.

2. ആളുകൾ ഇനി സാധനങ്ങൾ വാങ്ങുന്നതിൽ ഌറേക്കൂടി സൂഷ്മത പുലർത്തും. ആവശ്യത്തിൽ നിന്ന് അത്യാവശ്യത്തിലേക്കാവും മാറ്റം. ഡിമാന്റ് കുറയുമെന്നത് മുൻ കൂട്ടി കാണണം.

3. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവ വ്യാപകമാകും. പഴയതിലേക്കിനി തിരിച്ചുപോക്കില്ല. പല തൊഴിലുകളും രൂപന്തരം പ്രാപിക്കും. തൊഴിലുകൾ കുറയില്ല.

4. വീട്ടിലിരുന്ന് ജോലി (വർക്ക് ഫ്രം ഹോം) ഒരു ട്രെൻഡ് ആയിക്കഴിഞ്ഞു.അത് വർദ്ധിക്കും.

5. മീറ്റിംഗുകൾക്കായി ദൂരയാത്രകൾ നന്നായി കുറയും. ഓൺലൈൻ വഴി നടത്താൻ കഴിയുമെന്ന സ്ഥിതി വരും.

6. അദ്ധ്യാപന രീതികളിലും ഓൺലൈൻ രീതി പ്രചുരപ്രചാരം നേടും.

7. വിദേശത്തു നിന്നെത്തുന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ പുതിയ സംരംഭങ്ങൾ വരും.

8. കൂടുതൽ തൊഴിലവസരങ്ങളുമു ാകും.

# ഈദ്-ഉൽ-ഫിതർ

## ഇതര നാമം ചെറിയ പെരുന്നാൾ, നോമ്പു പെരുന്നാൾ,

ചാന്ദ്രവർഷത്തിൽ (ഹിജ്റ വർഷം) ഒൻപതാമത്തെ മാസമായ റംസാൻ(‘റമദാൻ) വൃതാനുഷ്ഠാനങ്ങളുടെ പരിസമാപ്തി കുറിച്ചുകൊ ് ശവ്വാൽ മാസം ഒന്നിനാണ് ലോക മുസ്ലീങ്ങളുടെ ആഘോഷമായ ഈദുൽ ഫിതർ അഥവാ ചെറിയ പെരുന്നാൾ. ആഘോഷിക്കപ്പെടുന്നത്. ഈദുൽ ഫിതർ എന്നാൽ മലയാളികൾക്ക് ചെറിയ പെരുന്നാളാണ്. റംസാൻ മാസവുമായി ബന്ധപ്പെട്ടതായതു കൊ ് ഈ പെ ന്നാളിന് ‘‘റംസാൻ’’ എന്നും പേരു ്. ഈദ് റമദാനിന് ശേഷം വരുന്ന മാസമായ ശവ്വാൽ ഒന്നിനാണെങ്കിലും പൊതു സമൂഹം റംസാൻ എന്ന് പറയുന്നു.

ഈദ് നമസ്കാരത്തിനു മുമ്പ് അഥവാ പ്രഭാതത്തിന് മുൻപ് അന്നേ ദിവസം വീട്ടിലുള്ളവർക്ക് ആഹരിക്കാനുള്ളതു കഴിച്ച് മിച്ചമുള്ള മുഴുവൻ പേരും ഫിതർ സക്കാത്ത് നിർവഹിക്കണം. സാധാരണയായി ആ നാട്ടിലെ ഭക്ഷ്യ ധാന്യമാണ് ഫിതർ സകാത് നൽകേണ്ടത്. വീട്ടിലെ എല്ലാ അംഗങ്ങൾക്കും ഒരു സ്വാ വീതം നൽകണം ഇത്ഏകദേശം 2.400 കിലോഗ്രാം ഭക്ഷ്യ ധാന്യമാണ് നൽകേണ്ടത്. കേരളത്തിൽ പ്രധാനമായി നൽകുന്നത് അരിയാണ്. ഇപ്പോൾ ജനിക്കുന്ന കുഞ്ഞുൾപ്പെടെയുള്ളവർക്ക് വേണ്ടി ഇത് നിർവ്വഹിക്കണം. പെരുന്നാൾ ദിവസം രാവിലെ നടക്കുന്ന ഈദ് നമസ്കാരമാണ് പിന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം.. ഈദ് നമസ്കാരം വരെ തക്ബീർ മുഴക്കൽ സുന്നത്താണ് (പ്രവാചക ചര്യയാണ്).




ഈദ് മുബാറക്,
കുല്ലു ആം അൻതും ബി ഖൈർ,
തഖബ്ബലല്ലാഹ്
തുടങ്ങി വിവിധതരം ഈദ് ആശംസകൾ
പ്രയോഗത്തിലുണ്ട്.



ഒരു പെരുന്നാൾ വിരുന്ന്

**ആഘോഷങ്ങളും ആരവങ്ങളുമില്ലാതെ ലോകമെമ്പാടുമുള്ള ജനഹൃദയങ്ങളിൽ നോവ് പടർത്തി ഈ വർഷത്തെ ഈദ്-ഉൽ-ഫിതറും മേയ് ദിനവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വന്ന ലോക്ക് ഡൗണിലൂടെ നിശബ്ദമായി കടന്നു പോവുകയാണ്.**

**എങ്കിലും നേരുകയാണ് സന്തോഷകരമായ ഈദ്-ഉൽ-ഫിതറും മേയ് ദിനവും!**

# മാതൃദിനം

**മാതൃത്വത്തേയും മാതാവിനേയും പ്രകീർത്തിക്കുന്ന ദിവസമാണ് മാതൃദിനം. മേയ് 10-ാം തിയതി നാം മാതൃദിനമായി ആചരിച്ചു. ഇത്തവണത്തെ മാതൃദിനം കൊവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കൂടുതൽ പ്രസക്തമാവുന്നു ണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളീയർ മാതൃ സന്നിധിയിലേയ്ക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. ഏത് കുറ്റവും മാപ്പാക്കുന്ന കോടതി, സ്നേഹത്തിന്റെയും പരിലാളനക**

ളുടേയും ഉറവ വറ്റാത്ത സ്രോതസ്സ്, മാതൃഹൃദയത്തിന്റെ തണലിലേയ്ക്ക് അണയുകയാണവർ. നന്മയിലേയ്ക്ക് മനുഷ്യനെ ഉയർത്തുന്നത് മുലപ്പാലിന്റെ പുണ്യമാണെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്ന ദിനം. നമുക്ക് ഓർക്കാം നമ്മുടെ അമ്മയെ! അർപ്പിക്കാം ഒരുപിടി സ്നേഹത്തിന്റെ നറുമലരുകൾ !!








## കൊറോണാക്കാലത്തെ ഏറ്റവും അർത്ഥവത്തായ ലോക നഴ്സസ് ദിനം




നേഴ്സുമാർ സമൂഹത്തിനു ചെയ്യുന്ന വിലയേറിയ സേവനങ്ങളെ ഓർമിക്കുവാനാണ് മേയ് 12 ലോക നഴ്സസ്ദിനം ആയി ആചരിക്കുന്നത്. ആധുനിക നഴ്സിങ്ങിന്റെ സ്ഥാപകയായ ഫ്ലോറൻസ് നൈറ്റിൻഗേലിന്റെ ജന്മദിനമായ മേയ് 12 നഴ്സസ് ദിനം ആയി 1965 മുതൽ ആചരിക്കുന്നു.

കൊവിഡ്-19 വൈറസ്സിന്റെ ഭീഷണിയിൽ ജീവിക്കുന്ന ലോക ജനതയ്ക്ക് നഴ്സുമാരും, ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും ദൈവതുല്യരായ മാലാഖമാരാണ്. അവർ ചെയ്യുന്ന സേവനത്തിന്റെ മാഹാത്മ്യം നാം കൂടുതൽ തിരിച്ചറിയുന്നു കൊറോണ വൈറസ് രോഗത്തിന്റെ പിടിയിൽ നട്ടം തിരിയുന്ന ആധുനിക ലോകത്ത് ഫ്ളോറൻസ് നൈറ്റിംഗേലിന്റെ സംഭാവനകൾ കൂടുതൽ പ്രസക്തമാണ്.



ഫ്ളോറൻസ് നൈറ്റിംഗേൽ ആദ്യകാല ചിത്രം

1853ൽ അവർ നടപ്പിലാക്കിയ ശുചിത്വ സംസ്കാരവും കൈ കഴുകലുമാണ് കൊറോണയെ പ്രതിരോധിക്കാൻ ഇന്നും നമുക്ക് ആശ്രയമെന്ന് ഓർക്കുക.

‘‘വിളക്കേന്തിയ വനിത’’ എന്ന പേരിൽ അറിയപ്പെടുന്ന ഫ്ളോറൻസ് നൈറ്റിംഗേൽ 1820 മേയ് 12 നാണ് ഇറ്റലിയിലെ ഫ്ളോറൻസിൽ ജനിച്ചത്. 2020 അവരുടെ 200-ാം ജന്മവാർഷികമാണ്. ഈ വർഷത്തെ “നഴ്സസ് ആന്റ് മിഡ് വൈഫ്സ്” ദിനമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിക്കുകയും അവർക്ക് ആദരം അർപ്പിക്കുകയും ചെയ്യുന്നു.

1858–62 കാലത്ത് ഇന്ത്യയിലെ ബ്രിട്ടീഷ് ആർമിയുടെ അരോഗ്യകാര്യങ്ങളെപ്പറ്റി പഠിക്കാനായി നിയമിച്ച ‘‘റോയൽ കമ്മീഷൻ ഓൺ ഇൻഡ്യ’’ യുടെ അദ്ധ്യക്ഷയായി ഇന്ത്യയിലും അവർ പ്രവത്തിച്ചിട്ടുണ്ട്.



ഫ്ളോറൻസ് നൈറ്റിംഗേലിന്റെ വിളക്കേന്തിയ വനിതയെന്ന പ്രശസ്തമായ ചിത്രം.



വർഷങ്ങൾക്ക് ശേഷം ഫ്ളോറൻസ് നൈറ്റിംഗേൽ




# എസ്.ബി.ഐ. ഫൌ ഷൻ കൊവിഡ് 19 റിലീഫ് ഫണ്ട് സമാഹരണം.

‘‘എസ്.ബി.ഐ. ഫൌണ്ടേഷൻ കൊവിഡ് 19 റിലീഫ് ഫണ്ടി” ലേക്കുള്ള എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ കേരള സംസ്ഥാന ഘടകത്തിന്റെ കളക്ഷൻ 07.05.2020 കൊണ്ട് പൂർത്തിയായ വിവരം സന്തോഷപൂർവം അറിയിക്കട്ടെ. അതിന് സഹകരിച്ച എല്ലാ പ്രവത്തകർക്കും നന്ദി പറയുന്നു. മൊത്തം സമാഹരിച്ച തുകയായ 23,83,463.00 രൂപ നമ്മുടെ നേതാക്കന്മാർ തിരുവനന്തപുരം ലോക്കൽ ഹെഡ് ഒഫീസ് മേധാവി, ചീഫ് ജനറൽ മാനേജർ, ശ്രീ.മൃഗേന്ദ്രലാൽ ദാസ് അവർകൾക്ക് കൈമാറി.



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ. ജയകുമാർ, എസ്.ബി.ഐ. ഫൌണ്ടേഷൻ

**കൊവിഡ് 19 റിലീഫ് ഫണ്ടിലേക്ക് കേരള സംസ്ഥാന ഘടകം സമാഹരിച്ച തുകയായ 23,83,463.00 രൂപയുടെ ചെക്ക് തിരുവനന്തപുരം ലോക്കൽ ഹെഡ് ഒഫീസ് മേധാവി, ചീഫ് ജനറൽ മാനേജർ, ശ്രീ.മൃഗേന്ദ്ര ലാൽ ദാസിന് കൈമാറുന്നു.** മുൻ ജനറൽ സെക്രട്ടറി ജോൺ ജോസഫ്, തിരുവനന്തപുരം ഡെ. ജനറൽ സെക്രട്ടറി സുരേന്ദ്രനാഥ് ഭാസ്സ് എന്നിവരേയും കാണാം.






## കൊവിഡ് 19

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് എസ്.ബി.ഐ. ഫൌണ്ടേഷൻ കൊവിഡ് 19 റിലീഫ് ഫണ്ടിലേക്ക് ഒരു ദിവസത്തെ പെൻഷൻ നൽകി ആ മഹത്തായ യജ്ഞത്തിൽ പങ്കാളികളായതിന് നന്ദി. 272 പ്രവർത്തകരുടെ സഹകരണം കൊണ്ട് 3,59,320/- രൂപ സമാഹരിക്കാൻ സാധിച്ചു. എല്ലാ ഏരിയ കമ്മിറ്റികളും നന്നായി പ്രവർത്തിച്ചു. ഇതിൽ ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റിയുടെ പ്രകടനം എടുത്ത് പറയേ തു ്. 53 പേരെ പങ്കെടിപ്പിച്ചുകൊണ്ട് ചങ്ങാനാശേരി മുൻപിൽ, ഏറ്റുമാനൂരിൽ നിന്ന് 52 പേർ പങ്കെടുത്തു. പാലായും കോട്ടയവും നന്നായി ചെയ്തു . ബാക്കി യുള്ളവ ചെറിയ എരിയ ആണെങ്കിലും അവരും ആകാവുന്ന രീതിയിൽ പരിശ്രമിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ!**

**എന്നിരുന്നാലും ഏതെങ്കിലും കാരണത്താൽ ഇതിൽ പങ്കെടുക്കാൻ അവസരം കിട്ടാത്തവർക്ക് മറ്റുള്ളവർക്ക് ഒപ്പം CMDRF ലേക്ക് സംഭാവനകൾ നല്കാൻ ജൂൺ മാസം 8 വരെ അവസരം ഉണ്ട്.**

**പണം അയക്കേണ്ട അക്കൗണ്ട്**

**SBI Pensioners Association Kerala**

**Account No. 10021921558**

**Elamkulam Branch (മുൻ കടവന്ത്ര ശാഖ )**

**Code No. 18059**

**IFSC SBIN0018059**

**The contribution is voluntary and 100% IT Exempt under Section 80G(2).**

**പണം അടച്ചശേഷം നമ്മുടെ സംസ്ഥാന ട്രഷറർ ശ്രീ ജയറാം അവർകളുടെ whats ആപ്പ് നമ്പറിൽ പോസ്റ്റ് ചെയ്യുക 9447609541.**

**ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതും ആ നമ്പറിലേക്ക് ഫോർവേഡ് ചെയ്യുന്നതായിരിക്കും**

**സ്നേഹപൂർവം**

**പി എം ജേക്കബ്, ഡിസ്ട്രിക്ട് സെക്രട്ടറി**

**മാത്യുഅടക്കമുണ്ടയ്ക്കൽ,ഡെ.ജനറൽ സെക്രട്ടറി**

## സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാറിന് ജന്മദിനാശംസകൾ



12/05/2020-ാം തിയതി ജന്മദിനമാഘോഷിക്കുന്ന സംസ്ഥാന ജനറൽ സെക്രട്ടറി
ശ്രീ.എ.ജയകുമാറിന് പിറന്നാളാശംസകൾ!!.



**റിപ്പൊ, റിവേഴ്സ് റിപ്പൊ നിരക്കുകൾ 0.40 % കുറച്ച് റിസർവ് ബാങ്ക്**

## അടിസ്ഥാന നിരക്കുകൾ വീണ്ടും കുറച്ചു. പലിശ കുറയും മൊറട്ടോറിയം നീട്ടും

കൊവിഡ് 19 അടച്ചിടലിന്റെ സാഹചര്യത്തിൽ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി ലഘൂകരിക്കുന്നതിനായി പുതിയ പാക്കേജുകളുമായി റിസർവ് ബാങ്കിന്റെ സമയോചിതമായ ഇടപെടൽ.

- റിപ്പൊ നിരക്ക് 0.40% വീണ്ടും കുറച്ച് 4% ആക്കി.
- റിവേഴ്സ് റിപ്പൊ നിരക്ക് 0.40 % കുറച്ച് 3.35% ആക്കി. ബാങ്കുകൾ ആർ.ബി.ഐയിൽ നിക്ഷേപിക്കുന്ന തുകക്ക് നല്കുന്ന പലിശയാണ് റിവേഴ്സ് റിപ്പൊ നിരക്ക്.
- മാർച്ച് 1 മുതൽ മേയ് 31 വരെ പ്രഖ്യാപിച്ച മൊറട്ടോറിയം ഓഗസ്റ്റ് 31 വരെ നീട്ടും.
- പലിശയിനത്തിൽ അടക്കേണ്ട തുക തവണകളായി അടുത്ത മാർച്ചിനുള്ളിൽ അടച്ചാൽ മതി.

## കോവിഡ് 19- മോറട്ടോറിയത്തിനു പിന്നാലെ റിസർവ് ബാങ്ക് കൂടുതൽ വായ്പകൾ ലഭ്യമാക്കിയേക്കും

സിബിചാണ്ടി, എസ്ബിഐയുടെ മുൻ ഡിജിഎം

ലോക് ഡൗണിൽ ഏറ്റവും ക്ലേശിക്കുന്നത് ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സംരംഭങ്ങളാണ്. അവയ്ക്ക് വ്യവസായം മുന്നോട്ടു നടത്തിക്കൊണ്ടു പോകാനാവശ്യമായ cash flow യിൽ ഉണ്ടാകുന്ന കുറവ്, ദീർഘകാലത്തെ അടച്ചിടൽ മൂലം അസംസ്കൃത വസ്തുക്കളും മറ്റും പഴകിയ വകയിലുണ്ടാകാനിടയുള്ള നഷ്ടം, വിറ്റഴിക്കാനാകാതെ പോയ സ്റ്റോക്ക് മൂലമുള്ള നഷ്ടം തുടങ്ങി നേരിടേണ്ട ദുരിതങ്ങൾ നിരവധിയാണ്. അതിലേക്കായി, ലോക് ഡൗൺ കഴിഞ്ഞാലുടൻ യുദ്ധകാലാടിസ്ഥാനത്തിൽ ബാങ്കുകൾ ചെറുകിട, ഇടത്തരം വ്യവസായ സംരംഭകർക്ക് പ്രവർത്തന മൂലധനത്തിനായി വായ്പകൾ നൽകേണ്ടത് അനിവാര്യമാണ്. ബാങ്കുകൾക്ക് ഇടപാടുകാരെ സഹായിക്കാനാകും കുറഞ്ഞ പക്ഷം നിലവിലുള്ള പ്രവർത്തന മൂലധന വായ്പയുടെ 25% എങ്കിലും അധികമായി വർക്കിംഗ് ക്യാപിറ്റൽ ടേം ലോൺ പോലെയുള്ള വായ്പ പദ്ധതി ആവിഷ്ക്കരിക്കേണ്ടി വരും. ഇത്തരത്തിലുള്ള നീക്കത്തിന് ബാങ്കുകളെ പ്രാപ്തരാക്കാക്കാനും റിസർവ് ബാങ്ക് ലക്ഷ്യമിടുന്നു. കാരണം ഈ അക്കൗണ്ടുകളൊന്നും ഈ മൂന്നു മാസക്കാലത്ത് നിഷ്ക്രിയ ആസ്തികളാകില്ല. അതുകൊണ്ട് തന്നെ മെച്ചപ്പെടുത്തിയ വായ്പാ പരിധി നിശ്ചയിക്കുന്നതിനു ബാങ്കിനു സാങ്കേതിക തടസ്സങ്ങളും ഉണ്ടാവില്ല. ഓരോ ബാങ്കുകൾക്കു. തങ്ങളുടെ ഇടപാടുകാരെ സമയോചിതമായി സഹായിക്കാനാകും വിധം പ്രവർത്തന മൂലധന വായ്പകളുടെ മാർജിൻ കുറയ്ക്കാം, പ പരമാവധി അനുവദനീയ വായ്പാ പരിധി പുനർനിർണയിക്കാം, വായ്പാ നയങ്ങളിൽ മാറ്റം വരുത്താം. അങ്ങനെ ഈ വിഷമ വൃത്തത്തിൽ നിന്നും ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കൈപിടിച്ചുയർത്താനുള്ള യജ്ഞത്തിൽ പങ്കാളികളാകാം.

# സ്റ്റേറ്റ് ബാങ്ക് വായ്പ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 7.25% ആക്കി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വായ്പ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 15 ബേസിസ് പോയിന്റ്* കുറച്ചു. നിലവിലെ പലിശ നിരക്ക് 7.40% ആണ്. ഇത് 0.15% കുറച്ച് 7.25% ആക്കി. ഇതോടൊപ്പം എം.സി.എൽ.ആർ. (Marginal Cost-Based Lending Rates) കുറച്ച് എല്ലാത്തരം വായ്പ്പകൾക്കും ബാധകമാക്കി. ഇത് മേയ് 10–ാം തിയതി മുതൽ പ്രാബല്യത്തിൽ വന്നു. എല്ലാ വായ്പകൾക്കും പലിശ നിരക്ക് കുറയും.

(*1 basis points/bps = 0.01 per cent).

# മുതിർന്ന പൗരന്മാർക്കായി ‘‘എസ്.ബി.ഐ. വി കെയർ ഡെപ്പോസിറ്റ്’’ സ്കീം പ്രഖ്യാപിച്ച് സ്റ്റേറ്റ് ബാങ്ക്

**നിക്ഷേപങ്ങൾക്ക് പലിശ ഗണ്യമായി കുറയുന്ന ഇന്നത്തെ സാഹചര്യത്തിൽ പലിശ വരുമാനം ആശ്രയിച്ചു ജീവിക്കുന്ന മുതിർന്ന പൗരന്മാർക്കായി ‘‘എസ്.ബി.ഐ. വി കെയർ ഡെപ്പോസിറ്റ്’’ സ്കീം സ്റ്റേറ്റ് ബാങ്ക് പ്രഖ്യാപിച്ചു. അഞ്ചും അതിലധികവും വർഷം കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് മാത്രമാണ് ഈ ആനുകൂല്യം. 30 ബേസിസ് പോയിന്റ് കൂടുതൽ പലിശ ലഭിക്കും. സെപ്റ്റംബർ 30നകം നിക്ഷേപിക്കണം.**

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം മാറ്റിവച്ചു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2020 മേയ് മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലം ജൂൺ മാസം ആദ്യ വാരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു.



പുതിയ തിയതി ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതായിരിക്കുമെന്ന് ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് അറിയിച്ചു. **കൊറോണയ്ക്കെതിരെ ജാഗരൂകരായിരിക്കുവാൻ അദ്ദേഹം അംഗങ്ങളോട് അഭ്യർത്ഥിച്ചു.**

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം മാറ്റിവച്ചു

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** മേയ് മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ജൂൺ മാസം ആദ്യ വാരത്തിലേയ്ക്ക്

മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പുതിയ തിയതി ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറക്ക് അറിയിക്കുന്നതായിരിക്കും.

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഏപ്രിൽ 2020 മേയ് മാസങ്ങളിലെ നറുക്കെടുപ്പ് 22–ാം തീയതി വെള്ളിയാഴ്ച്ച 11.30ന് നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

**2020 ഏപ്രിൽ**

**1. 25000 രൂപായുടെ കുറി – വട്ടമെത്തി**

**2. 25,000 രൂപായുടെ കുറി –(38) ശ്രീമതി. മേരി അപ്പു തോമസ്**

**3. 50,000 രൂപായുടെ കുറി** – (63) ശ്രീമതി. ആച്ചിയമ്മ എബ്രഹം

**4. 100,000 രൂപായുടെ കുറി –**(82) ശ്രീമതി. റൈസ ബീഗം

**5. 100,000 രൂപായുടെ കുറി –**(111) ശ്രീ.രാജഗോപൽ ബി.

**6. 100,000 രൂപായുടെ കുറി** –(135) ശ്രീ. **ശ്രീ.പി.സി.പീറ്റർ**

7. 100,000 രൂപായുടെ കുറി – (158) ജോസ് മാത്യു

2020 മേയ്

1. 25000 രൂപായുടെ കുറി – വട്ടമെത്തി

2. 25,000 രൂപായുടെ കുറി – വട്ടമെത്തി

3. 50,000 രൂപായുടെ കുറി – (65) ശ്രീമതി. ജിസ്സി ആൻ തോമസ്

4. 100,000 രൂപായുടെ കുറി –(80) 80 എൻ.സി.മാത്യു

165 ശ്രീമതി.ആനി മാത്യു റൈസ ബീഗം

5. 100,000 രൂപായുടെ കുറി –(125) ശ്രീമതി. എ. പത്മകുമാരി

6.100,000രൂപായുടെകുറി–(142) ശ്രീ.പി.എം. ശ്രീധരൻ

7. 100,000 രൂപായുടെ കുറി – (158) ശ്രീമതി. ആനി മാത്യു

നറുക്ക് ലഭിച്ചവർക്ക് 2020 ജൂൺ മാസം 12–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ തപാലിൽ അയച്ചു തരും. മടക്കത്തപാലിൽ തിരിച്ചയച്ചു തന്നാൽ മതി. തുക അക്കൗ ിൽ അടക്കുന്നതാണ്. ഇതിനായുള്ള യാത്ര ഒഴിവാക്കുവാൻ അഭ്യർത്ഥന. പൂരിപ്പിച്ച് ജൂൺ 12–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്.**

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**25000 രൂപയുടെ ഒന്നും ര ും കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുകയാണ്.** വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

OASIS
Older Adults Sharing In Service

# കോവിഡ് 19ന്റെ വിഷമകാലത്ത് ബാങ്കിന്റെ ഒരു കൈ സഹായം

സ്റ്റേറ്റ് ബാങ്കിന്റെ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിന്റെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനത്തിന്റെ നിയന്ത്രണ ങ്ങൾ മൂലം വിഷമിക്കുന്ന നമ്മുടെ വയോധി കരായ അംഗങ്ങൾക്ക് വീടുകളിൽ മരുന്നെ ത്തിക്കുന്നതിനുള്ള തിരുവനന്തപുരം എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സംസ്ഥാന ഭാരവാഹികളുടെ മാതൃകാപരമായ പ്രയത്നം അക്ഷരാർത്ഥത്തിൽ അംഗങ്ങൾക്ക് വലിയ അശ്വാസമായി.



അംഗങ്ങൾക്ക് വീടുകളിൽ മരുന്നെത്തിക്കുന്ന തിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നല്കുന്ന സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയ കുമാർ

ബാങ്കിന്റെ എച്. ആർ. ഡിപ്പാർട്ട്മെന്റിനും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേ ഷനും അഭിനന്ദനങ്ങൾ.

നമ്മുടെ ജനറൽ സെക്രട്ടറി ശ്രീ ജയകുമാറിന്റെ അവസരോചിതമായ ഇടപെടലും തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിന്റെ അധിപൻ, ചീഫ് ജനറൽ മാനേജർ, ശ്രീ.മൃഗേന്ദ്ര ലാൽ ദാസ് എടുത്ത അനുഭാവ പൂർണമായ സമീപനവും കൊണ്ടാണ് ഇത് സാദ്ധ്യമായത്.




ചിത്രത്തിൽ മരുന്ന് വിതരണം നിർവഹിക്കുന്ന ഡെ. ജനറൽ സെക്രട്ടറി ശ്രീ.പി.സുരേന്ദ്രനാഥ് ഭാസും ജനറൽ സെക്രട്ടറി ശ്രീ ജയകുമാറും.

# മേയ് മാസത്തിൽ വിരമിക്കുന്നത് 285 പേർ.

## ആശംസകൾ നേർന്ന് സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയും.

പ്രിയപ്പെട്ടവരെ,
ഈ വരുന്ന മെയ് 31 ലേക്ക് കേവലം ഒരാഴ്ച മാത്രം. നമ്മുടെ തിരുവനന്തപുരം സർക്കിളിൽ നിന്നും 285 പേർ കാലാവധി പൂർത്തിയാക്കി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു ബാങ്കിന്റെ പടിയിറങ്ങുന്നു എന്ന വിശേഷം കൂടിയുണ്ട് ആ ദിവസത്തിന്.

കോവിഡ് മഹാമാരിയുടെ കർക്കശമായ നിയന്ത്രണങ്ങൾ കാരണം കഴിഞ്ഞ രണ്ടു മാസങ്ങളായി മുടങ്ങി കിടക്കുന്ന യാത്രയയപ്പ് യോഗങ്ങൾ ഇത്തവണയും നടത്താൻ കഴിയില്ല എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ജീവിതത്തിന്റെ പരമപ്രധാനമായ ഒരു വലിയ കാലം നാം ചിലവഴിച്ച സ്ഥാപനത്തോടും പലനാൾ കൊണ്ട് നാം സ്വരുക്കൂട്ടിയ നറും സൗഹൃദങ്ങളോടും മൗനമായി വിടപറഞ്ഞു പോകേണ്ടുന്ന അവസ്ഥ തികച്ചും ദു:ഖകരമാണ്. ചിരകാലമായി യാത്രയയപ്പ് യോഗങ്ങളിൽ നിറസാന്നിദ്ധ്യമാവുകയും നല്ല വാക്കോതി ആശംസകൾ നേരുന്നതിൻറെ ആത്മസംതൃപ്തി ആസ്വദിച്ചനുഭവിക്കുകയും ചെയ്ത നമ്മുടെ മഹത്തായ സംഘടനയ്ക്കും ഈയൊരവസ്ഥാ വിശേഷം അസഹനീയമാണെന്നറിയുക. മറ്റു പോംവഴികൾ ഇല്ല എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് അറിയിക്കട്ടെ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നമ്മുടെ മഹത്തായ സ്ഥാപനത്തിൽ നിന്നും ഈ മാസം 31ന് വിരമിക്കുന്ന പ്രിയപ്പെട്ട സഹപ്രവർത്തകർ ക്കേവർക്കും എസ്.ബി.ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ആരോഗ്യ പൂർണമായ, സന്തോഷം നിറഞ്ഞ സുദീർഘമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.
അതോടൊപ്പം തന്നെ നിങ്ങളേവരേയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ പെൻഷൻകാരുടെ ഒരേയൊരു അംഗീകൃത സംഘടനയിലേക്ക് നിറ ഹൃദയത്തോടെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.
ഊഷ്മളമായ ആശംസകളോടെ
കെ രാജീവൻ, പ്രസിഡന്റ്
എ ജയകുമാർ, ജനറൽ സിക്രട്ടറി




തൊടുപുഴ ചീഫ് മാനേജർ സ്ഥാനത്ത് നിന്ന് മേയ് 31 ന് വിരമിക്കുന്ന ശ്രീ.ജോബി മർക്കോസിന്റെ ഓൺലൈൻ യാത്രയയപ്പിന്റെ ക്ഷണക്കത്ത്. ആരോഗ്യ പൂർണമായ, സന്തോഷം നിറഞ്ഞ സുദീർഘമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.



കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഒഫീസിൽ നിന്നും വിരമിച്ച ചീഫ് മാനേജേഴ്സ് ശ്രി.കൃഷ്ണമൂർത്തി, ശ്രീമതി.സെലിൻ വർഗീസ്, ശ്രി.വിജയൻ എന്നിവരുടെ യാത്രയയപ്പ് സമ്മേളനത്തിൽ നിന്ന്

## ജില്ലാ നേതാക്കളുടെ സംയുക്ത പ്രസ്താവന

സുഹൃത്തുക്കളെ
എസ്.ബി.ഐ. യിൽ നിന്നും മെയ് മാസം കോട്ടയം ഡിസ്ട്രിക്ടിൽ വിരമിക്കുന്നവരുടെ ഒരു വാട്സാപ്പ് ഗ്രൂപ്പിലേക്ക് നിങ്ങളെ ഒരുരുത്തരെയും സ്വാഗതം ചെയ്യുന്നു. പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ഡിസ്ട്രിക്ട് സെന്റർ മുൻകൈയെടുത്തു രൂപീകരിച്ചിരിക്കുന്ന ഒരു താത്കാലിക കൂട്ടായ്മയാണിത്. ഈ ഗ്രൂപ്പ് രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശം നിങ്ങളെ പരിചയപ്പെടുന്നതിനും കോവിഡ് മഹാമാരിയുടെ കർക്കശമായ കൌണ്ട് ഡൗൺ ആയിരിക്കുന്ന വേളയിൽ എന്തെല്ലാം കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കണം എന്ന് ഓർമ്മപെടുത്തതിനും മെഡിക്കൽ ഇൻഷുറൻസ് സ്കീം REMBS ,HRMS , നമുക്കുള്ള ബാങ്കിൽ നിന്നു കിട്ടാവുന്ന അനുകുല്യങ്ങൾ മുതലായവ ചർച്ച ചെയ്യുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഈ വേദി ഉപയോഗിക്കാം, നിങ്ങളുടെ ഒപ്പം നിങ്ങൾക്ക് മുൻപേ വിരമിച്ചവർ ഉണ്ടെന്നും കരുതുക.ഈ ഗ്രൂപ്പിൽ താല്പര്യം ഇല്ലാത്തവർക്ക് exit ആകാം. പുതിയ വിശേഷങ്ങളുമായി അടുത്ത ദിവസങ്ങളിൽ വരാൻ ശ്രമിക്കാം.
ഒരിക്കൽകുടി എല്ലാവരെയും സ്വാഗതം ചെയ്തു കൊണ്ട്,



മാത്യു അടക്കമുണ്ടയ്ക്കൽ, ഡെ.ജനറൽ സെക്രട്ടറി
ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്



**ജക്കാർത്തയിലെ മലയാളി ടച്ച്!**

1962ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ചുനി ഗോസ്വാമി നയിച്ച ഇന്ത്യൻ ടീം ദക്ഷി ണ കൊറിയയെ കീഴടക്കി സ്വർണം നേടു മ്പോൾ കേരളത്തിന്റെ സാന്നിധ്യമായി ടീമി ലൊരു മലയാളിയുണ്ടായിരുന്നു; ഇരിങ്ങാല ക്കുടക്കാരൻ ഒ.ചന്ദ്രശേഖരൻ. 1958 മുതൽ ചുനിയും ചന്ദ്രശേഖരനും ഇന്ത്യയ്ക്കായി ബൂട്ടുകെട്ടി.
1960ലെ റോം ഒളിംപിക്സിൽ പങ്കെടുത്ത തോടെ ചന്ദ്രശേഖരൻ ഒളിംപ്യനായി. പിന്നി ട് ഏഷ്യൻ ഗെയിംസിലും മെർദേക്ക കപ്പിലും ഏഷ്യാ കപ്പിലും ഇരുവരും ഇന്ത്യൻ കുപ്പായ മിട്ടു. കൊച്ചിയിലെ വീട്ടിൽ ഇപ്പോൾ വിശ്രമ ത്തിലാണു ചന്ദ്രശേഖരൻ.

അന്തരിച്ച ഫുട്ബോൾ താരം ചുനി ഗോസ്വാമിയുടെ ഏഷ്യൻ ഗെയിംസ് ടീമിൽ ഉണ്ടായിരുന്ന മലയാളി താരത്തെപ്പറ്റി മനോരമയിൽ വന്ന കുറിപ്പ്. ശ്രീ ഓ. ചന്ദ്രശേഖരൻ എസ്.ബി.ഐ.യിലെ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം 1985ൽ റീജിയണൽ മാനേജർ ആയിരുന്നു തിരുവനന്തപുരത്തെ റീജിയണൽ ഓഫീസിൽ.

**രാധാകൃഷ്ണൻ.എസ്.**

# കണ്ണീർ പ്രണാമം!!!

## ജെ.ഗോപിനാഥ് എന്ന ഇതിഹാസം ഇനി ഓർമ്മ

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ ഓഫീസേഴ്സ് അസ്സോസിയേഷൻ മുൻ റീജിയണൽ സെക്രട്ടറിയും മുതിർന്ന സംഘടനാ നേതാവുമായിരുന്ന ശ്രീ ജെ.ഗോപിനാഥ് അന്തരിച്ചു.** കേരളത്തിൽ ലോക്കൽ ഹെഡ് ഓഫീസ് തുറക്കന്നതിന് മുൻപ് സംയുക്ത മദ്രാസ് സർക്കിളിൽ കേരളത്തെ പ്രതിനിധാനം ചെയ്തിരുന്ന അസ്സോസിയേഷൻ റീജിയണൽ സെക്രട്ടറി ശ്രീ.ഗോപിനഥ് ആയിരുന്നു. സുഹൃത്തുക്കളുടേയും **സന്തപ്ത കുടുംബാംഗങ്ങളുടേയും ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു**



ജെ.ഗോപിനാഥ്

## അനുസ്മരിച്ചുകൊ ് സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ

ഗോപിയേട്ടൻ എന്ന് തികഞ്ഞ സ്നേഹബഹുമാനങ്ങളോടെ ഞാൻ വിളിച്ചിരുന്ന ജയപാൽ ഗോപിനാഥ് അഥവാ ജെ ഗോപിനാഥ്, ഉച്ചമയക്കത്തെ മറയാക്കി, ആരുടെയും സാമീപ്യം തേടാതെ ഇന്നലെ എന്നെന്നേക്കുമായി യാത്രയായി. ഉറക്കമാണെന്ന് കരുതി ഏറെനേരം മാറിനില്ക്കുകയായിരുന്ന ഹോംനേഴ്സ് ഒടുവിൽ പതിയെ മുട്ടിവിളിച്ച് ഉണർത്താൻ ശ്രമിച്ച നിമിഷങ്ങൾക്ക് ഏറെ മുന്പ് തന്നെ, കോവിഡ് 19 ന്റെ കാർക്കശ്യങ്ങൾ ഭേദിച്ച്അക്കരെയെത്തിയിരുന്നു ഗോപിയേട്ടൻ. മരണം സ്ഥിരീകരിച്ച ഡോക്ടർ, 'രണ്ടു മണിക്കൂർ മുൻപ്' എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.



കെ.രാജീവൻ

ആയിരത്തി തൊള്ളായിരത്തി എഴുപത്തി നാലിൽ ഒറ്റപ്പാലത്ത് ഞാൻ കാഷ്യർ ജോലിയിൽ തുടരവെ ഏതാനും മാസങ്ങൾക്ക് ശേഷം ഒരു വൈകുന്നേരം അന്ന് നിലവിലുണ്ടായിരുന്ന സൂപ്പർവൈസിങ്ങ്സ്റ്റാഫ് അസ്സോസിയേഷൻ ഭാരവാഹിയായി, ടെക്കിൻചെയ്യാത്ത, ഫുൾസ്ലീവ് ഷർട്ട് ധരിച്ച, അവാർഡ് സ്റ്റാഫായ ഞങ്ങളോട് ലോഹ്യം കാണിക്കാതെ അന്നത്തെ അക്കൗണ്ടന്റ് ആയിരുന്ന എ.എൻ.എൻ പിള്ളയോടും ഹെഡ് കാഷ്യർ എം.പി. രവിയേട്ടനുമൊപ്പം ബ്രാഞ്ച് മാനേജർ ശങ്കരേട്ടൻറെ മുറിയിലേക്ക് നടന്ന് കയറിയ ഗോപിയേട്ടനാണ് മനസ്സിൽ പതിച്ച ആദ്യരൂപം. അന്ന് ബാംഗ്ലൂരിലെ റീജിയണൽ ഓഫീസിൽ ആയിരുന്നു കേരളത്തിലെ ഓഫീസർമാരുടെ ചുമതലയേറ്റ റീജിയണൽ സെക്രട്ടറിയുടെ ആസ്ഥാനം. അതിൽ പിന്നീട് കേരളത്തിന് മാത്രമായി സി.ആർ.എം ഓഫീസ് തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തെ അനന്തവിലാസം കൊട്ടാരത്തിൽ പ്രവർത്തനം തുടങ്ങിയത് മുതൽ താമസം ബാംഗ്ലൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് മാറ്റി.

കാലം നീങ്ങവേ കാഷ് ഓഫീസറായി സ്ഥാനക്കയറ്റം നേടി 1983 ൽ തിരുവനന്തപുരം ആൽത്തറ ശാഖയിലൂടെ എന്റെ അനന്തപുരിവാസം

തുടങ്ങിയപ്പോഴേക്കും സൂപ്പർ വൈസിങ്ങ്സ്റ്റാഫ് അസ്സോസിയേഷൻ, എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷൻ (മദ്രാസ് സർക്കിൾ) എന്ന പുതിയ മേലങ്കി എടുത്തണിഞ്ഞിരുന്നു. അധികം ചിരിക്കാത്ത, ഗൗരവം കലർന്ന മിതഭാഷിയായ കർക്കശക്കാരനായ നേതാവായി കൊട്ടാരത്തിന്റെ വടക്കേ ചായ്പ്പിലെ ഉയരം കുറഞ്ഞ തട്ടിൻ പുറമുള്ള മുറിക്കുള്ളിൽ ഗോപിയേട്ടൻ. നേതാവിന്റെ പതിവ് ആർഭാടങ്ങളിൽ നിന്നകന്ന്, ആളും പരിവാരങ്ങളുമില്ലാതെ മുറിയിൽ ഒറ്റയാനായിരുന്നു. ടെലഫോണിലൂടെ പാരുഷ്യം മുറ്റിനിന്ന ശബ്ദത്തിൽ, ആരോടോ ഇംഗ്ലീഷിലും തമിഴ് ചുവയുള്ള മലയാളത്തിലും കാര്യങ്ങൾ പറയുന്നു. മുഖവുരയില്ലാതെ, മൂന്നാമനില്ലാതെ ആർക്കും കാര്യങ്ങൾ നേരിട്ട് അവതരിപ്പിക്കാം. പകരം ഉവ്വെന്നോ ഇല്ലെന്നോ നിലയിൽ വളച്ചു കെട്ടില്ലാതെ ഏറ്റവും ചുരുങ്ങിയ മറുപടി. മാനേജ്മെന്റിനോടും അസ്സോസ്സിയേഷൻറെ മേൽഘടകത്തോടും ഇതേ നിലപാട് തന്നെ. ഒരു കാര്യം തീർച്ച ആവശ്യം നീതിനിഷേധത്തെ ചൊല്ലിയാണെങ്കിൽ ആരെതിർപ്പ് പ്രകടിപ്പിച്ചാലും ഏറ്റെടുത്തു നേടിയിരിക്കും. അത് കൊണ്ട് തന്നെ പുറത്ത് സൗകുമാര്യം പ്രകടിപ്പിച്ച പലരും അകത്തു നീരസം കൊണ്ട് നടന്നിരുന്നു താനും. പ്രത്യേകിച്ചും മാനേജ്മെന്റിന്റെ പ്രതിനിധികൾ. കാലം വീണ്ടും മുന്നോട്ട്. ബാങ്ക് ഓഫ് കൊച്ചിൻറെ ലയനവും എറണാകുളത്തെ പുതിയ റീജിയണും അസ്സോസിയേഷനിൽ പുതിയ സമവാക്യങ്ങൾക് രൂപം കൊടുത്ത തിരഞ്ഞെടുപ്പിൽ ദശാബ്ദങ്ങളായി കൊണ്ട് നടന്നിരുന്ന റീജിയണൽ സെക്രട്ടറി സ്ഥാനം നഷ്ടപ്പെട്ട് ഭാവമാറ്റങ്ങളശേഷമില്ലാതെ ബ്രാഞ്ച് മാനേജരുടെ കുപ്പായമണിഞ്ഞ് വീണ്ടും നമുക്കിടയിൽ. വീണ്ടുമൊരു മത്സരത്തിനായുള്ള പ്രിയപ്പെട്ടവരുടെ നിർബന്ധങ്ങളെ സ്നേഹബുദ്ധ്യാ നിരാകരിച്ച് ഞാനടക്കമുള്ള പുതിയ തലമുറയെ അസ്സോസിയേഷൻറെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ വ്യാപൃതരാക്കി നേതൃത്വനിരയിലേ ക്ക് എത്തിക്കാനുള്ള ശ്രമത്തിലായിരുന്നു പിന്നീട്. ആ ശ്രമങ്ങൾ പൂർണമായും സ്ഫലീകരിച്ചു എന്നത് ചരിത്രം. പരുക്കനെന്നും കടുംപിടിത്തക്കാരനെന്നും അകലെ നിന്ന്കണ്ട് അഭിപ്രായപ്പെട്ട ഒത്തിരി പ്പേർ, ആ മനസ്സിൻറെ ലാളിത്യം അടുത്ത റിഞ്ഞപ്പോൾ സ്വയം തിരുത്തിയിട്ടുണ്ട് പിന്നീട് . അതായിരുന്നു ഗോപിയേട്ടൻ.

ആർഭാടാരവങ്ങളില്ലാതെ , ജെ ഗോപിനാഥ് എന്ന സ്നേഹധനനായ, എന്റെ ഗുരു സ്ഥാനീയനായ ഗോപിയേട്ടൻ തന്റെ സഹചാരികളായിരുന്ന ബാലക്കുറുപ്പിനെ , ടി ആർ പി യെ, ടി എൻ മദനനെ പിന്തുടർന്നു യാത്രയായി.എഴുതാൻ ഇനിയുമുണ്ട് ധാരാളം. എങ്കിലും ഒരു താത്കാലിക വിരാമമിടാൻ മനസ്സ് പറയുന്നു.

പ്രിയഗോപിയേട്ടന്, ആദരാഞ്ജ ലികൾ!!




# ഓർമ്മകളിൽ ജെ.ഗോപിനാഥ്

എം.ജി.രാഘവൻ,
പ്രസിഡന്റ്, കോട്ടയം ജില്ല

1978കാലത്ത് കർണാടകത്തിലെ കുടക് ജില്ലാ തലസ്ഥാനമായ മടിക്കേരിയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ ഞാൻ ജോലിയിൽ പ്രവേശിക്കുമ്പോൾ തമിഴ്നാട്, കർണാടക, കേരളം, പോണ്ടിച്ചേരി സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന തെന്നിന്ത്യയിലെ പ്രധാന ലോക്കൽ ഹെഡ് ഓഫീസ് ആയിരുന്നു മദ്രാസ് സർക്കിൾ.

അന്ന് എപ്പോഴോ 3000 ശാഖകൾ തികഞ്ഞതിന്റെ ആഘോഷപരിപാടികൾ ബാംഗ്ലൂരിൽ നടക്കുന്ന സമയത്താണ് ജെ.ഗോപിനാഥ് എന്ന കേരളത്തിന്റെ റീജിയണൽ സെക്രട്ടറിയെ പരിചയപ്പെടുന്നത്. അത് സുദൃഢമായ ഒരു സ്നേഹബന്ധത്തിന്റെ തുടക്കമായിരുന്നു. കാഴ്ച്ചപ്പാടിലും പെരുമാറ്റത്തിലും ഗൗരവം കലർന്ന മിതഭാഷിയായ ഗോപിനാഥ് ഏറെ സത്യസന്ധത പുലത്തുന്ന, 'നേരെ വാ നേരെ പോ' എന്ന മട്ടുകാരനായ ഒരാളായിട്ടാണ് തോന്നിയിട്ടുള്ളത്.

1981 ൽ കർണാടക സർക്കിൾ രൂപീകൃതമായ സമയത്ത് കേരളത്തിലേയ്ക്ക് പോകാൻ അവസരം കിട്ടിയപ്പോൾ അദ്ദേഹം ഇടപെട്ടാണ് എടത്വാ ബ്രാഞ്ചിലേയ്ക്ക് പോസ്റ്റിങ്ങ് ലഭിച്ചത്. എടത്വായിലും തുടർന്ന് ചങ്ങനാശ്ശേരി എ.ഡി.ബിയിലും അക്കാലത്ത് 5 വർഷം ഞാൻ യൂണിറ്റ് സെക്രട്ടറിയായിരുന്നു. കെ.ഡി.നയ്യാരെന്ന സി.ജി.എം നയിക്കുന്ന ബാങ്ക് മാനേജ്മെന്റ് കർക്കശ്ശ നിലപാടുകൾ എടുത്തിരുന്ന സമയം. യൂണിറ്റിൽ നിന്ന് റീജിയണൽ സെക്രട്ടറിയിലേക്ക് പരാതികളുടേയും പരിഹരിച്ചു കിട്ടേണ്ട പ്രശ്നങ്ങളുടേയും പ്രവാഹം. അദ്ദേഹം ഒരു നിബന്ധന മാത്രമേ

വച്ചിരുന്നുള്ളു. ഇടപെട്ടാൽ തോറ്റുപോകും എന്ന് ഉറപ്പുള്ള കാര്യങ്ങൾ അയച്ചു തരരുത്. അല്ലാത്തതെന്തും അങ്ങേയറ്റം വരെ കലഹിക്കേണ്ടി വന്നാലും സാധിച്ചു തരുമായിരുന്നു. ഒരു ഉദാഹരണം മാത്രം ഇവിടെ പരാമർശിക്കാനാഗ്രഹിക്കുന്നു.

എടത്വാ പള്ളിയിലെ പെരുനാൾ കഴിഞ്ഞ് ദിവസങ്ങൾക്കകം ബ്രാഞ്ചിൽ ഇൻസ്പെക്ഷൻ വന്നു. സ്ട്രോംഗ് റൂം നിറയെ ചില്ലറയുടെ ചാക്ക്കെട്ടുകൾ. അത് മൊത്തം എണ്ണണമെന്നായി ഇൻസ്പെക്ട്ടർ. തിരുവല്ലായിലെ ബാർ ഹോട്ടൽ ഉടമകൾ മുഖേന നിമിഷം കൊണ്ട് ഇതൊഴിവാക്കി തരാമെന്ന ഉറപ്പ് അദ്ദേഹത്തിന് സ്വീകാര്യമായില്ല. ഒരാഴ്ച്ച സമയമെടുത്ത് ചില്ലറ മുഴുവൻ എണ്ണി. ചില ചാക്കിൽ കുറവ്, ചിലതിൽ കൂടുതൽ, മൊത്തത്തിൽ ആയിരത്തിൽ ചില്വാനം കുറവ്!! പുറകേ, കാഷ് ഓഫീസർ, അക്കൗണ്ടന്റ്, കാഷ് വെരിഫൈ ചെയ്ത വേറൊരാഫീസർക്കും മെമ്മോ. ഞങ്ങൾ റീജിയണൽ സെക്രട്ടറിയുമായി ബന്ധപ്പെടുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രതികരണം ഇങ്ങനെ 'കാഷിന്റെ കാര്യം കൊണ്ടാ കളിക്കുന്നത്? ഇതൊക്കെ ശ്രദ്ധിച്ച് വേണ്ടേ ചെയ്യാൻ?' പിന്നെ ആലോചിച്ചു പറഞ്ഞു. ' എല്ലാരും മറുപടി കൊടുക്കണം. കത്ത് ഞാൻ അയച്ചു തരാം'. അയച്ചു തന്ന കത്തിന്റെ സാരാംശം ഇങ്ങനെ. ''ഇൻസ്പെക്ടറുടെ കൌണ്ടിങ്ങ് ശരിയല്ല. ജോയിന്റ് കസ്റ്റോഡിയൻസിനെ കൂടാതെ പിന്നിട് കാഷ് വെരിഫൈ ചെയ്തയാളും അത് ശരി വച്ചിട്ടുണ്ട്. കൂടാതെ ഈ ചില്ലറ പള്ളിയിൽ നിന്നും കളക്റ്റ് ചെയ്തപ്പോൾ രണ്ട് പ്രാവശ്യവും പിന്നീട് കാഷ് അടച്ച് എണ്ണിയെടുത്തവരും ഏറ്റുവങ്ങിയവരും എണ്ണി തിട്ടപ്പെടുത്തിയത് ജൊയിന്റ് കസ്റ്റോഡിയൻസ് രേഖപ്പെടുത്തിയ തുക തന്നെയാണ്.'' മറുപടി കൊടുത്തശേഷം പിന്നെ ഒരു നടപടിയും തുടർന്നുണ്ടായില്ല. വലിയ വാഗ്വാദങ്ങൾക്കൊടുവിൽ കേസ് ഉപേക്ഷിച്ചെന്ന് പിന്നീടറിഞ്ഞു. അത്തരമൊരു വ്യക്തി പ്രഭാവം പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല. എത്ര വഴക്കുണ്ടാക്കിയാലും വീണ്ടും ചർച്ചയ്ക്ക് വഴി ബാക്കി വച്ചിട്ടേ പിന്മാറാറുള്ളുവെന്നതും വളരെ ശ്രദ്ധേയമായ ഒരു സ്വഭാവ വിശേഷമായിരുന്നു. ബാങ്ക് ഒഫ് കൊച്ചിൻ ഏറ്റെടുത്ത സമയത്ത് അന്ന് ഏരിയാ സെക്രട്ടറിയായിരുന്ന റ്റി.എൻ.മദനനെ കേരളത്തിന്റെ മൊത്തം ചുമതലയുള്ള ഓർഗനൈസിങ്ങ് സെക്രട്ടറിയായി നിയമിച്ചത് മുതൽ തുടങ്ങിയ അസ്വാരസ്യങ്ങൾ അസ്സോസിയേഷന്റെ സജീവ പ്രവർത്തനത്തിൽ നിന്ന് വിട്ടുനില്ക്കാൻ കാരണമായതായിട്ടാണ് ഞാൻ കരുതുന്നത്. ഈയടുത്ത നാളിലും മൊബൈലിൽ സംസാരിച്ചിരുന്നു. കണ്ണൂര് മോളുടെ അടുത്ത് പോകുമ്പോൾ അവിടെയും ചെല്ലാമെന്ന് പറഞ്ഞ വാക്ക് പാലിക്കാനായില്ലല്ലോയെന്ന് വിചാരിച്ച് സങ്കടപ്പെടുന്നതിൽ ഇനി എന്തർത്ഥം?

# സിബി ഇമ്മാനുവേൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ യൂണിറ്റ് അംഗം ശ്രി. സിബി ഇമ്മാനുവേൽ നിര്യാതനായി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു



## സിബി ഇമ്മാനുവേലിനെ അനുസ്മരിച്ചുകൊണ്ട് ഇടുക്കി ജില്ലാ പ്രസിഡന്റ് ശ്രീ.റ്റി.ജെ.ജോസഫ്

നമ്മുടെ പ്രിയ സിബി ഇനി നമ്മോടൊപ്പമില്ല! ഹൃദയാരുന്തുതമായ, നടുക്കുന്ന യാഥാർത്ഥ്യം. കറേക്കാലമായി ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്നെങ്കിലും എല്ലായിടത്തുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ നിറഞ്ഞ സാന്നിദ്ധ്യം നമുക്ക് ആത്മവീര്യം പകരുന്നതായിരുന്നു. എന്റെ സമശീർഷനായി മുവാറ്റുപുഴ നിർമ്മലാ കോളേജിൽ അദ്ദേഹം പഠിച്ചിരുന്നു. ജന്മനാ തന്നെയുള്ള നേതൃത്വ ഗുണം അദ്ദേഹത്തിന് ഉണ്ടായിരുന്നു. 1972ൽ കോളേജ് യൂണിയൻ ചെയർമാനായിരുന്നു. അനന്യമായ നേതൃത്വപാടവവും സമയോചിമായി മികച്ച തീരുമാനങ്ങളെടുക്കാനുള്ള കഴിവും അദ്ദേഹത്തെ വ്യത്യസ്തനാക്കിയിരുന്നു. എറണാകളം ഇടുക്കി ജില്ലകളിൽ സിബിക്ക് വലിയ ഒരു സുഹൃദ്‌വലയമു ായിരുന്നു. ഒരുപാട് ഓർമ്മകൾ ബാക്കി വച്ചിട്ടാണ് സിബി നമ്മെ വിട്ടു പിരിയുന്നത്. സുഹൃത്തുക്കളുടെ സങ്കടം ഇത്രയേറെയാണെങ്കിൽ കുടുംബത്തിന്റെ പ്രത്യേകിച്ച് ഭാര്യ, മകൻ, മകൾ എന്നിവരുടെ വേദനയും ദു:ഖവും എത്രമാത്രമായിരിക്കുമെന്ന് ഓർത്തുപോവുകയാണ്. മരണം തീരാത്ത വേദന സൃഷ്ടിച്ചേക്കാം. എന്നാൽ ഓർമ്മകൾ ഒടുങ്ങാതെ നിലനില്ക്കും. സിബിയുടെ ആത്മാവിന് നിത്യ ശാന്തിയു ാകട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

**റ്റി.ജെ.ജോസഫ്**



**കൊറോണാ പ്രോട്ടോക്കോൾ അനുസരിച്ചുള്ള സിബി ഇമ്മാനുവേലിന്റെ സംസ്കാരച്ചടങ്ങുകൾ വീട്ടിലെ ശുശ്രൂഷയോടെ ആരംഭിച്ചപ്പോൾ**

## എം.ജെ.എബ്രഹാം
## നിര്യാതനായി

എം.ജെ.എബ്രഹാം, (80) റിട്ട. മാനേജർ, എസ്.ബി.റ്റി. മള്ളൂശ്ശേരിൽ, റാന്നി, കൊല്ലം അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. ഭാര്യ ഡോ.അന്നാമ്മ ജേക്കബ്ബ്, റിട്ട. പ്രൊഫ. സെന്റ് തോമസ് കോളേജ്, റാന്നി (മോളി റ്റീച്ചർ). ശവ സംസ്കാരം കോട്ടയത്ത് സ്വന്തം ഇടവകയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **അനുശോചനം അറിയിക്കുന്നു.**



എം.ജെ.എബ്രഹാം

## ശ്രീ. റ്റി.സി.ചാക്കൊ
## നിര്യാതനായി

**മുൻ എസ്.ബി.റ്റി ചങ്ങനാശ്ശേരി പ്രധാന ശാഖയിലെ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. റ്റി.സി. ചാക്കൊ അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.**




അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഖിതരായ കടുംബാംഗ ങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷ ണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു

## ബൈക്കപകടത്തിൽ മരിച്ചു



**ജോൺസൺ**

വെള്ളാനിക്കര **എസ്.ബി.ഐ. ഉദ്യോഗസ്ഥൻ അയ്യന്തോൾ കുന്നത്ത് വീട്ടിൽ ജോൺസൺ (52) ബൈക്കപകടത്തിൽ മരിച്ച വിവരം വ്യസന സമേതം റിപ്പോർട് ചെയ്യുന്നു. ദേശീയ പാതയിൽ ആറുവരിയിൽ രണ്ട് ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ചാണ് ദുരന്തമുണ്ടായത്.**
പരേതനായ ജോൺസന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ **പങ്കുചേരുകയും ചെയ്യുന്നു.**

## ശ്രീ.വർഗീസ് മാത്യു

**മുൻ സന്തോഷ് ട്രോഫി ഫുട്ബോൾ താരവും എസ്. ബി. ഐ. ചങ്ങനാശ്ശേരി എ. ഡി. ബി. ബ്രാഞ്ച് അക്കൗണ്ടന്റ് ശ്രീമതി. അന്നാമ്മയുടെ ഭർത്താവുമായ ശ്രീ.വർഗീസ് മാത്യു അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. ഈ മാസം വിരമിക്കാനിരിക്കേയായിരുന്നു അവിചാരിതമായ അന്ത്യം. കൊച്ചി അമൃതാ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേ ഷന്റെ ആദരാഞ്ജലികൾ!**




കേരളാ ഫുട്ബോള് അസോസിയേഷന് വൈസ് പ്രസിഡന്റ് ശ്രീ. റെഞ്ജി കെ. ജേക്കബ്, പരേതനായ വര്ഗീസ് മാത്യൂവിനെ അനുസ്മരിക്കുന്നു.

1970 കളുടെ അവസാനത്തിൽ മാർത്തോമ്മ കോളേജിന്റെ ഒരു കളി കാണുമ്പോഴാണ് ഞാൻ വർഗീസ് മാത്യൂവിനെ ആദ്യമായി കാണുന്നത്. താരനിബിഡമായിരുന്ന മാർത്തോ കോളേജിന്റെ പ്രതിരോധനിരയിലെ മികച്ച താരമായിരുന്നു വർഗീസ്. തിരുവല്ല എം.ജി എം സ്കൂളിൽ നിന്നാണ് വർഗീസ് മാത്യൂവിന്റെ ഫുട്ബോൾ ജീവിതത്തിന്റെ തുടക്കം. തിരുവല്ലയിൽ നടന്ന സംസ്ഥാന ജൂണിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ആലപ്പുഴ ജില്ല ടീമിന്റെ പരിശീലന ചുമതല എനിക്കായിരുന്നു. തിരുവല്ലയിലും സമീപ പ്രദേശങ്ങളിലിമുള്ള ഒരുപറ്റം ചെറുപ്പക്കാരുടെ ടീം. വർഗീസ് മാത്യൂ, റജി മാത്യൂ, ഷാജി ജോൺ, അബീലി, ഗോൾകീപ്പർ റജിനോൾഡ് എന്നിവരടങ്ങുന്ന പ്രതിരോധ നിര. ഒരു ഗോൾ പോലും വഴങ്ങാതയാണ് ഈ ടീം ചാമ്പ്യൻമാരായത്. സംസ്ഥാന ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വർഗീസ് ആവർഷം സംസ്ഥാന ടീമിൽ അംഗമായി ഗോവ നാഷണലിൽ പങ്കെടുത്തു. ഞാൻ S.B College ന്റെ കോച്ചായപ്പോൾ വർഗീസിനെ അവിടേക്ക് ക്ഷണിച്ചു. അവിടെ നിന്നും കേരള യൂണിവേഴ്സിറ്റി ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 23 വയസിൽ താഴെയുള്ളവർക്കായി സംഘടിപ്പിച്ച സന്തോഷ് ട്രോഫി മൽസരത്തിൽ കേരളത്തെ പ്രതിനിധികരിച്ചു. പിന്നീട് ബോംബയിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ടീമിൽ അംഗമായി. ദീർഘനാൾ ബോംബയിലായിരുന്നു. നാട്ടിൽ മടങ്ങിയെത്തി തിരുവല്ലയിലും ചങ്ങനാശേരിയിലും SBI യുടെ വിവിധ ബ്രാഞ്ചുകളിൽ സേവനം അനുഷ്ചിച്ചു. ജില്ല ഫുട്ബോൾ അസോസിയേഷന്റെ ട്രഷററായും പ്രവർത്തിച്ചു. എം.ജി.എം സ്കൂൾ ഗ്രൗണ്ടിൽ കുട്ടികളെ പരിശിലിപ്പിക്കുന്നതിനും സമയം കണ്ടെത്തിയിരുന്നു. തിരുവല്ല NRI ബ്രാഞ്ചിൽ അസിസ്റ്റന്റ് മാനേജരായി ജോലിയിൽ ഇരിക്കുമ്പോഴാണ് അന്ത്യം. എന്റെ ശിഷ്യരുടെ കൂട്ടത്തിൽനിന്ന് ഒരു പുഷ്പം കൂടി മാറ്റപ്പെട്ടു. പ്രിയ ശിഷ്യർ ഈ ലോകത്തിൽ നിന്ന് യാത്രയാകുമ്പോൾ എനിക്ക് ഏറെ ദുഃഖവും പ്രയാസവും. വർഗീസ് മാത്യൂവിന്റെ വേർപാടിൽ എന്റെ ആദരാഞ്ജലികൾ.

റൻജി കെ ജേക്കബ്
ഫുട്ബോൾ പരിശീലകൻ &
കെ.എഫ്.എ. വൈസ് പ്രസിഡന്റ്



മാർത്തോമ്മാ ട്രോഫിയും ആലപ്പുഴ ബാബു രാജ് ട്രോഫിയും (1978) വിജയിച്ച തിരുവല്ല മാർത്തോമ്മാ കോളജ് ടീം. ഇരിക്കുന്നവരിൽ വലത്തുനിന്നു രണ്ടാമത് വർഗീസ് മാത്യു.




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് (വൈക്കം ഏരിയാ കമ്മറ്റി) അംഗം ശ്രീ. എം.കെ.തങ്കപ്പന്റെ മാതാവ് ശ്രീമതി.തിരുവാ നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 102 വയസ്സായിരുന്നു. പരേതയുടെ ആത്മാവിന് നിത്യശാന്തി നേർന്ന് കൊള്ളുന്നു. കൊറോണ പ്രോട്ടോക്കോൾ മൂലം നിയന്ത്രിതമായ ചടങ്ങുകളിൽ വൈക്കം ഏരിയ കമ്മറ്റി ജൊയിന്റ് കൺവീനർ ശ്രീ. ഡി.കെ. രാജ ഗോപാൽ, ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ എന്നിവരും പങ്കെടുത്തു.

OASIS
Older Adults Sharing In Service

# പത്രാധിപസമിതി

## രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ


P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

കടപ്പാട്:വിക്കിപീഡിയ